# പതിനഞ്ചാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 485
# 28/01/2026 ലെ മറുപടിക്ക്

**<u>മലമ്പുഴ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ</u>**

| ചോദ്യം<br>ശ്രീ. എ. പ്രഭാകരൻ | | ഉത്തരം<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മലമ്പുഴ മണ്ഡലത്തിൽ എം. എൽ. എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തത് മൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | മലമ്പുഴ നിയോജകമണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തിൽ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

അക്കൗണ്ട്സ് ഓഫീസർ

# ANNEXURE

1. മലമ്പുഴ നിയോജക മണ്ഡലത്തിലെ മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ മൈലംപുള്ളി പുളിയംപുള്ളി പ്രദേശങ്ങളിലേക്ക് വൈദ്യുതി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തികൾക്കായി 2025-26 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് 250000 രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. എം.എൽ.എയുടെ ശുപാർശ 13/08/2025-ൽ ലഭ്യമായിട്ടുണ്ട്. ആയത് 3242196/NC-B1/180/2026 നമ്പർ ഫയലിൽ പരിശോധിക്കുകയും, വൈദ്യുതി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി പ്രാദേശിക ഊർജ്ജ വികസന പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു റിപ്പോർട്ട് ലഭ്യമാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.
2. മലമ്പുഴ നിയോജക മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ വേനോലി ബസ് സ്റ്റോപ്പ് പരിസരത്ത് ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം എന്ന പ്രവൃത്തികൾക്കായി 2021-22 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് ആറ് ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. എം.എൽ.എയുടെ ശുപാർശ 24/01/2026-ൽ ലഭ്യമായിട്ടുണ്ട്. ആയത് 3400937 NC-B1/30/2026-FIN നമ്പർ ഫയലിൽ പരിശോധനയിലാണ്.